# പാഷൻഫ്രൂട്ടിന് നല്ല കാലം

Veekshanam 05.02.2018



**ഡോ.ജോസ് ജോസഫ്**
പ്രൊഫസർ,
ഹോർട്ടികൾച്ചർ കോളേജ്,
വെള്ളാനിക്കര
ഫോൺ: 9387100119

**കായ്കളുടെ നിറഭേദമനുസരിച്ച് പർപ്പിൾ, മഞ്ഞ എന്നിങ്ങനെ രണ്ട് പാഷൻഫ്രൂട്ട് ഇനങ്ങളാണ് നമ്മുടെ നാട്ടിൽ പ്രധാനമായും കൃഷി ചെയ്തുവരുന്നത്. വിത്തുകൾ മുളപ്പിച്ചും തണ്ടുകൾ മുറിച്ച് വേരുപിടിപ്പിച്ച തൈകളുണ്ടാക്കിയും പാഷൻഫ്രൂട്ട് കൃഷി ചെയ്യാം. മുൻകാലങ്ങളിൽ വീട്ടുവളപ്പുകളിൽ കാര്യമായ ശ്രദ്ധയില്ലാതെ വളർത്തിയിരുന്ന പാഷൻഫ്രൂട്ട് ഇന്ന് കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന ഒരു ഫലവർഗ്ഗമായി മാറിയിരിക്കുന്നു.**



കേരളത്തിൽ പാഷൻഫ്രൂട്ടിന് നല്ലകാലം. ഔഷധഗുണം നിറഞ്ഞതും ഉന്മേഷ ദായകവുമായ ഈ പഴവർഗ്ഗത്തിന് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കേരളത്തിലെ കർഷകരുടെയും സംരംഭകരുടെയും ഇടയിൽ വലിയ പ്രചാരമാണ് ലഭിച്ചത്. മുൻകാലങ്ങളിൽ വീട്ടുവളപ്പുകളിൽ കാര്യമായ ശ്രദ്ധയില്ലാതെ വളർത്തിയിരുന്ന പാഷൻഫ്രൂട്ട് ഇന്ന് കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന ഒരു ഫലവർഗ്ഗമായി മാറിയിരിക്കുന്നു. പാഷൻഫ്രൂട്ട് പഴത്തിൽ നിന്നും സ്ക്വാഷ്, ജൂസ്, ജാം, പൾപ്പ് തുടങ്ങിയവ നിർമ്മിക്കുന്ന ചെറുകിട-ഇടത്തരം സംരംഭങ്ങൾ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ ഉയർന്നു വരുന്നുണ്ട്. സംസ്കരണത്തിലെ ഈ ഉണർവ്വ് കൃഷിയിലും കാണാം. പാഷൻഫ്രൂട്ട് പഴത്തിൽ നിന്നും തയ്യാറാക്കുന്ന ജൂസും സ്ക്വാഷും സർബ്ബത്തുമെല്ലാം ഞൊടിയിടയിൽ തളർച്ചയകറ്റി ശരീരത്തിന് ഉന്മേഷവും പകരും. ഡെങ്കിപനി ബാധിച്ചവർക്ക് രക്തത്തിലെ അരുണാണുക്കളുടെ എണ്ണം കൂട്ടാൻ ഇത് ഗുണകരമാണെന്ന പ്രചാരണത്തോടെ പനിസീസണിൽ ഇതിന് ആവശ്യക്കാർ ഏറെയാണ്. ഇല ചേർത്തുള്ള ഇതിന്റെ കഷായം പ്രമേഹം നിയന്ത്രിക്കാൻ നല്ലതാണ്. വിരകളെ അകറ്റാനും ഹൃദയനാഡി രോഗങ്ങളുടെ ശമനത്തിനും പാഷൻഫ്രൂട്ട് ജൂസ് പ്രയോജനകരമാണ്. പാഷൻഫ്രൂട്ട് പഴമായും ജൂസായും ഉപയോഗിക്കാം. യൂറോപ്പാണ് പാഷൻഫ്രൂട്ട് ജൂസിന്റെ ഏറ്റവും വലിയ വിപണി. പാഷൻഫ്രൂട്ടിന്റെ 90 ശതമാനം ഉല്പാദനവും ബ്രസീലിൽ നിന്നാണ്.

വാഴപ്പഴം, പൈനാപ്പിൾ എന്നിവയേക്കാൾ കൂടുതൽ പോളിഫിനോൾസ് പാഷൻഫ്രൂട്ടിൽ അടങ്ങിയിട്ടുണ്ട്. വൈറ്റമിൻ എ, വൈറ്റമിൻസി, നിയാസിൻ, പൊട്ടാസ്യം, നാരുകൾ എന്നിവയെല്ലാം നല്ലയളവിൽ ഇതിൽ അടങ്ങിയിട്ടുണ്ട്. രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കും. നല്ല സുഗന്ധവും സ്വാദുമുള്ള പാഷൻഫ്രൂട്ട് ജൂസ് മറ്റ് പഴച്ചാറുകളുമായി കലർത്തിയും ഉപയോഗിക്കാം. ദഹനശേഷി കൂട്ടാനും വേദന ശമിപ്പിക്കാനും പാഷൻഫ്രൂട്ട് ജൂസ് നല്ലതാണ്. തുടർച്ചയായ ഇതിന്റെ ഉപയോഗം, ആസ്മ, ആർത്തവ സംബന്ധമായ ക്രമക്കേടുകൾ, മാനസിക സംഘർഷം, ഉറക്കമില്ലായ്മ തുടങ്ങിയവയുടെ ശമനത്തിന് നല്ലതാണ്.

അനായാസം പടർന്നുകയറുന്ന ഈ ചെടിയിൽ സീസണെത്തിയാൽ നിറയെ ആകർഷകമായ കായ്കളുണ്ടാകും. വട്ക്കു കിഴക്കൻ മലനിരകളിലും ദക്ഷിണേന്ത്യയിൽ പശ്ചിമഘട്ടങ്ങളിലും വളർത്തിയിരുന്ന പാഷൻഫ്രൂട്ട് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തു തുടങ്ങിയിട്ട് വളരെ കുറച്ചുകാലമെ ആയിട്ടുള്ളൂ. ഇന്ത്യയും സംസ്ക്കരണവും വ്യാപിച്ചിട്ടുണ്ട്. ഉഷ്ണമേഖലയിലും മിതശീതോഷ്ണ മേഖലയിലും നന്നായി വളരും. സമുദ്രനിരപ്പിൽ നിന്നും 100 മുതൽ 1000 മീറ്റർ വരെ ഉയരത്തിൽ നന്നായി വളരും. 21-25 ഡിഗ്രി അന്തരീക്ഷ താപനിലയുള്ള കാലാവസ്ഥയാണ് ഇതിന്റെ കൃഷിക്ക് ഏറ്റവും അനുയോജ്യം. നല്ല വെയിൽ വേണം. ശക്തമായ കാറ്റ് നന്നല്ല. മണ്ണിന് നല്ല ഈർപ്പവും വളക്കൂറും വേണം. മണ്ണിൽ നനവുണ്ടെങ്കിൽവിളവ് കൂടും. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം കൂടും തോറും ചെടിയുടെ ആയുസും കൂടും. ഇത് മണ്ണിലും വളരുമെങ്കിലും മണൽ കലർന്ന, നല്ല നീർവാർച്ചയുള്ള പശിമരാശി മണ്ണാണ് നല്ലത്. വേരുപടലം കൂടുതലായും മണ്ണിന്റെ ഉപരിതലത്തോട് ചേർന്നു കാണപ്പെടുന്നതിനാൽ വെള്ളക്കെട്ടുള്ള മണ്ണ് ഇതിന്റെ കൃഷിക്ക് അനുയോജ്യമല്ല.





കായ്കളുടെ നിറഭേദമനുസരിച്ച് പർപ്പിൾ, മഞ്ഞ എന്നിങ്ങനെ രണ്ട് പാഷൻഫ്രൂട്ട് ഇനങ്ങളാണ് നമ്മുടെ നാട്ടിൽ പ്രധാനമായും കൃഷി ചെയ്തുവരുന്നത്. പർപ്പിൾ ഇനത്തിന്റെ കായ്കൾക്ക് അഞ്ചുസെന്റിമീറ്റർ നീളവും 40 മുതൽ 80 ഗ്രാം വരെ തൂക്കവുമുണ്ട്. മധുരം കൂടുതലും പുളികുറവുമുള്ള പാഷൻഫ്രൂട്ട് ഇനമാണ് പർപ്പിൾ പാഷൻഫ്രൂട്ട്. ശ്രീലങ്കയിൽ നിന്നും കേരളത്തിൽ എത്തിയ മഞ്ഞ പാഷൻഫ്രൂട്ട് ഗോൾഡൻ ഫ്രൂട്ട് എന്നും അറിയപ്പെടുന്നു. കായ്കളുടെ തൂക്കം 100 ഗ്രാം വരും. പർപ്പിൾ ഇനത്തേക്കാൾ പുളിരസം കൂടുതലാണ്. എന്നാൽ സ്ക്വാഷിന് ആകർഷകമായ നിറം ലഭിക്കുന്നത് മഞ്ഞ ഇനത്തിന്റെ പൾപ്പ് ഉപയോഗിക്കുമ്പോഴാണ്. മഞ്ഞ ഇനവും പർപ്പിൾ ഇനവും തമ്മിൽ സങ്കരണം നടത്തി ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറിൽ വികസിപ്പിച്ചെടുത്ത ഹൈബ്രിഡ് ഇനമാണ് കാവേരി. ഇതിന്റെ കായ്കൾക്ക് പർപ്പിൾ നിറമാണ്. വിളവ് ഒരു ഹെക്ടറിന് 16-20 ടൺ. സമതല പ്രദേശങ്ങൾക്കു യോജിച്ച പാഷൻഫ്രൂട്ട് ഇനങ്ങളും ഹൈറേഞ്ച് പ്രദേശങ്ങൾക്ക് യോജിച്ച ഇനങ്ങളും പ്രത്യേകമായുണ്ട്. സമതലങ്ങളിൽ നല്ല വിളവു നൽകുന്ന ഇനങ്ങൾ മലമ്പ്രദേശങ്ങളിൽ നല്ല വിളവു നൽകണമെന്നില്ല. തിരിച്ച് ഹൈറേഞ്ചിലെ മികച്ച ഇനങ്ങൾ സമതലങ്ങളിലും നല്ല വിളവ് നൽകണമെന്നില്ല ഓരോ പ്രദേശത്തിലും അനുയോജ്യമായ പാഷൻഫ്രൂട്ട് ഇനങ്ങൾ തെരഞ്ഞെടുത്ത് കൃഷി ചെയ്യണം. കേരള കാർഷിക സർവ്വകലാശാലയുടെ വാഴക്കുളം പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്ത പുതിയ പാഷൻഫ്രൂട്ട് ഇനമാണ് 134 പി. പർപ്പിൾ ഇനത്തിൽപ്പെട്ട 134 പിയുടെ ഒരു പഴത്തിന്റെ ശരാശരി തൂക്കം 105 ഗ്രാമാണ്.

വിത്തുകൾ മുളപ്പിച്ചും തണ്ടുകൾ മുറിച്ച് വേരുപിടിപ്പിച്ച തൈകളുണ്ടാക്കിയും പാഷൻഫ്രൂട്ട് കൃഷി ചെയ്യാം. സങ്കരണ ശേഷി നഷ്ടപ്പെടുമെന്നതിനാൽ വിത്തുകൾ ഉടൻ തന്നെ മുളപ്പിക്കണം. വിത്തുക്കൾ രണ്ടുദിവസം വെള്ളത്തിൽ മുക്കിവെച്ച ശേഷം നഴ്സറികളിൽ പാകാം. രണ്ടാഴ്ച പ്രായമായ തൈകൾ നഴ്സറികളിൽ നിന്നും പോളിബാഗുകളിലേക്ക് മാറ്റണം. തണ്ടുകൾ വേരു പിടിപ്പിച്ചുണ്ടാകുന്ന തൈകൾ നേരത്തെ കായ്ക്കും. ഗ്രാഫ്റ്റിംഗ്, ലെയറിംഗ്, ടിഷ്യുകൾച്ചർ തുടങ്ങിയ രീതികളിലൂടെയും തൈകൾ ഉണ്ടാക്കാം. തൈകൾ കൃഷി സ്ഥലത്ത് നടുന്നതിന് ഒന്നു രണ്ടു മാസം മമ്പെ മണ്ണ് നന്നായി ഉഴുത് ഒരുക്കണം. പാഷൻഫ്രൂട്ട് ഏതു മരത്തിലും വളരുമെങ്കിലും പന്തലിട്ട് വളർത്തുന്നതാണ് ശാസ്ത്രീയ കൃഷി രീതി. നാലഞ്ചു മീറ്റർ അകലത്തിൽ കാലുകളിട്ട് ആവശ്യത്തിന് കട്ടിയുള്ള കമ്പികളുപയോഗിച്ച് നന്നായി വലിച്ചുകെട്ടി പന്തലിടണം. പന്തലിന് ഏഴടിയെങ്കിലും ഉയരം ഉണ്ടായിരിക്കണം. ചെടികൾ വരുന്നതിനനുസരിച്ച് ചെറിയ കമ്പോ കയറുകളോ ഉപയോഗിച്ച് പന്തലിലേക്ക് കയറ്റി വിടണം. നടുന്ന സമയത്ത്, രണ്ട്-നാല് വർഷം പ്രായമെത്തുമ്പോൾ, നാല് വർഷത്തിൽ ഏറെ പ്രായമായവ എന്നിങ്ങനെ മൂന്നായി തരം തിരിച്ച് വളപ്രയോഗം നടത്തണം. ചെടിനടുമ്പോൾ അഞ്ച് കിലോഗ്രാമും രണ്ട്-നാലു വർഷം പ്രായമായവർക്ക് 10 കിലോഗ്രാമും നാലുവർഷത്തിൽ ഏറെ പ്രായമായവർക്ക് 15 കിലോഗ്രാമും വീതം ജൈവവളം ഒരു വർഷം നൽകണം. ചെടി നടുമ്പോൾ 25 ഗ്രാം നൈട്രജൻ, 10 ഗ്രാം ഫോസ്ഫറസ്, 25 ഗ്രാം പൊട്ടാസ്യം എന്നി രാസവളങ്ങൾ നൽകണം. രണ്ടു മുതൽ നാലു വർഷം വരെ പ്രായമുള്ള ചെടികൾക്ക് 80 ഗ്രാം നൈട്രജൻ, 30 ഗ്രാം ഫോസ്ഫറസ്, 60 ഗ്രാം പൊട്ടാസ്യം എന്ന നിരക്കിലും നാലു വർഷത്തിലേറെ പ്രായമുള്ള ചെടികൾക്ക് 150 ഗ്രാം നൈട്രജൻ, 50 ഗ്രാം ഫോസ്ഫറസ്, 100 ഗ്രാം പൊട്ടാസ്യം എന്ന രീതിയലും രാസവളങ്ങൾ നൽകണം. രാസവളങ്ങൾ നാലോ അഞ്ചോ തവണകളായി നൽകുന്നത് വിളവ് വർദ്ധിപ്പിക്കും.





മഴകുറവാണെങ്കിൽ ജലസേചനം നൽകണം. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുമ്പോൾ സൂക്ഷ്മ ജലസേചന രീതികൾ അവലംബിക്കാവുന്നതാണ്. ജൂലൈ-സെപ്റ്റംബർ മാസത്തെ വിളവെടുപ്പിനു ശേഷം കൊമ്പു കോതൽ നടത്തണം. വളർച്ചാ ശേഷികുറഞ്ഞ ഭാഗങ്ങളും നിലത്തുകൂടി വളരുന്ന വള്ളികളും പ്രൂണിംഗിലൂടെ നീക്കം ചെയ്യണം. ജൂൺ മുതൽ ആഗസ്റ്റ് വരെയും നവംബർ മുതൽ ജനുവരി വരെയുമാണ് വിളവെടുപ്പുകാലം. ഒരു സീസൺ മാത്രമുള്ള ഇനങ്ങൾ മെയ്-ഒക്ടോബർ മാസങ്ങളിൽ വിളവെടുക്കുന്നു. പരാഗണത്തിനു ശേഷം 70-80 ദിവസങ്ങൾകൊണ്ട് വിളവെടുപ്പിന് പാകമാകും. നന്നായി മൂത്തു പഴുത്ത കായ്കൾക്കു മാത്രമേ ശരിയായ രുചിയും ഗന്ധവും ഉണ്ടാവുകയുള്ളൂ.